# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5453.

27-03-2018 ൽ മറുപടിയ്ക്ക്

## നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് മാസ്റ്റർ പ്ലാൻ

**ചോദ്യം**

ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
,, വി.ആർ. സുനിൽ കുമാർ
ശ്രീമതി സി.കെ. ആശ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പരമ്പരാഗത നെൽകൃഷിയിടങ്ങളെ ഏഴ് പ്രത്യേക മേഖലകളാക്കി തിരിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | പരമ്പരാഗത നെൽകൃഷിയിടങ്ങളെ ഏഴ് പ്രത്യേക മേഖലകളാക്കി തിരിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നെൽ കൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കായ്പ്പാട്. അടിസ്ഥാന സൗകര്യവികസനം നിർണ്ണായക പ്രാധാന്യമുള്ളതും മറ്റു പദ്ധതികളിലൂടെ ഏറ്റെടുത്തിട്ടില്ലാത്തതുമായ ഘടകങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br>നെൽ കൃഷിക്കായി പ്രഖ്യാപിച്ച പ്രത്യേക 7 കാർഷികമേഖലകളിൽ 6 മേഖലകൾക്ക് ചുവടെ പറയും പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>1) കുട്ടനാട് മേഖലയ്ക്ക് പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനു 101 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2) കോൾ മേഖലയ്ക്ക് പെട്ടിയും പറയും മാറ്റിവയ്ക്കുന്നതിനും, സൗരോർജ്ജ |
| (ബി) | വിപണനമൂല്യവും ഉല്പാദനശേഷിയും കൂടുതലുള്ള ഏതൊക്കെ മേഖലകളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ വരുന്നതെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | പാനലുകൽ സ്ഥാപിക്കുന്നതിനും, ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി 299.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>3) പൊക്കാളി മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 44.31 ലക്ഷം രൂപയാണുള്ളത്.<br>4) പാലക്കാട് മേഖലയ്ക്ക് ജൈവകൃഷി, ജൈവ ബിരിയാണി അരിയുടെ ബ്രാണ്ടിങ്, കാർഷിക കർമസേന ശക്തിപ്പെടുത്തൽ, അഗ്രോ സർവ്വീസ് സെന്ററിനു യന്ത്രോപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 60.82 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.<br>5) വയനാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരമ്പരാഗതമായി കൃഷി ചെയ്യുന്ന തനതുവിത്തിനങ്ങളുടെ സംരക്ഷണവും വർദ്ധനവും എന്നിവയ്ക്കായി 115 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.<br>6) കായ്പ്പാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 32.9 ലക്ഷം രൂപയാണുള്ളത്. |
| (സി) | പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; പ്രത്യേക ബ്രാൻഡിൽ അരി വിപണിയിൽ എത്തിക്കുമോ; വ്യക്തമാക്കുമോ; | (സി) | 2017-18 സാമ്പത്തിക വർഷത്തിനു വകയിരുത്തിയ തുകയ്ക്കുള്ള വിശദമായ പ്രൊപ്പോസലും, റിപ്പോർട്ടും ഓരോ സോണിനു വേണ്ടിയും തയ്യാറാക്കിയിട്ടുണ്ട്.<br>നിലവിൽ നടപ്പ് വർഷം പാലക്കാട് സോണിൽ നിന്നു മാത്രമാണു അരിയുടെ ബ്രാൻഡിങ്ങിനു പ്രൊപ്പോസൽ ഉള്ളത്. എന്നാൽ പ്രാദേശികതലത്തിൽ ബ്രാൻഡിങ് നടത്തി വിപണനം നടത്തി വരുന്നു (പെരിനാട് അരി, ആറന്മുള അരി, മെത്രാൻ റൈസ് തുടങ്ങിയവ). |
| (ഡി) | സംസ്ഥാനത്ത് ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന ജയ, ജ്യോതി തുടങ്ങിയ ബ്രാൻഡ് അരികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ: | (ഡി) | നിലവിൽ പാലക്കാട് സോണിൽ നിന്നും ജൈവ ബിരിയാണി അരിയുടെ ബ്രാൻഡിങ് മാത്രമാണു ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, കർഷകരുടെ താല്പര്യപ്രകാരം കൃഷിയിറക്കുന്ന ജയ, ജ്യോതി തുടങ്ങിയ നെല്ലിനങ്ങൾ അതേ പടിയാണ് വിപണനം നടത്തിവരുന്നത്. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് ആവശ്യമായ നെല്ലിന്റെ എത്ര ശതമാനം നെല്ലാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്; | (ഇ) | 2016-17 ലെ കണക്ക് പ്രകാരം സംസ്ഥനത്തെ അരി ഉല്പാദനം 4,36,483 ടണ്ണായിരുന്നു. ഒരാൾക്ക് 485.4 ഗ്രാം ഭക്ഷ്യധാന്യം ആവശ്യമായിരിക്കെ സംസ്ഥാനത്തെ 3,43,34,885 പൗരന്മാർക്ക് ഒരു വർഷത്തേക്ക് 60,83,145 ടണ്ണ് അരി ആവശ്യമായി വരും. 7.18 % മാത്രമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. |
| (എഫ്) | സംസ്ഥാനത്ത് വിത്ത് വിതയ്ക്കുന്നതിന് യന്ത്രം വികസിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കമോ? | (എഫ്) | സംസ്ഥാനത്തിനു ഉതകുന്ന തരത്തിൽ കേരള കാർഷിക സർവ്വകലാശാല വിത്ത് വിതയ്ക്കുന്നതിനു യന്ത്രം (സീഡ് ഡ്രില്ല്) വികസിപ്പിച്ചിട്ടുണ്ട്. ടില്ലറിൽ ഘടിപ്പിക്കുന്ന ഇത്തരം സീഡ് ഡ്രില്ലുകൾ തുല്യ അകലത്തിലും ആഴത്തിലും വിത്തു വിതയ്ക്കുകയും പക്ഷികളും മറ്റും വിത്ത് തിന്നു നശിപ്പിക്കാത്ത രീതിയിൽ വിതയ്ക്കുകയും ചെയ്യുന്നു. വിത്തു നഷ്ടപ്പെടുന്നതു കുറയുന്നതു വഴി ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ